സാഹിത്യവാരഫലം

1986/10/26 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1986/10/26-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ഡോക്ടർ കെ. എം. തരകന്റെ "അനശ്വരനായ ഉറൂബ്" എന്ന പുസ്തകം സൗജന്യമാധുര്യത്തോടെ എനിക്കുതന്ന സുഹൃത്തിനു നന്ദി. ഗ്രന്ഥം തുറന്നാലുടനെ കാണുന്നതു് ഉറൂബെഴുതിയ ഒരു കത്തിന്റെ ഫോട്ടോസ്റ്റാറ്റാണ്. കൗതുകത്തോടെ ഞാനതു വായിച്ചുതുടങ്ങി. "അഖിലനെ എനിക്കു മുമ്പേ അറിയാം" എന്ന വാക്യത്തിലെ 'മുമ്പേ' എന്നതു് 'മുൻപേ' എന്ന ചില്ലോടുകൂടിയ രൂപത്തിലാണവരേണ്ടതു്. എങ്കിലും നിസ്സാരമായ തെറ്റ് എന്നു വിചാരിച്ചുകൊണ്ട് അടുത്ത വാക്യത്തിലേക്കു ഞാൻ കടന്നു. "അവർക്കും നിവർത്തിയില്ല" എന്നതു കണ്ടു ഞാൻ അമ്പരന്നുപോയി. തുടർന്ന് ആ കത്തുവായിക്കണമെന്ന് തോന്നിയില്ല എനിക്ക്. "നിവൃത്തി" എന്ന സംസ്കൃതപദത്തിന് 'വിരാമം', 'അന്തർദ്ധാനം', 'ഉപരതി' എന്നൊക്കെയാണ് അർത്ഥം. മലയാളത്തിൽ 'കഴിവ്' എന്ന അർത്ഥത്തിൽ ആ വാക്കു പ്രയോഗിക്കാറുണ്ട്. 'എനിക്കതിനു നിവൃത്തിയില്ല' എന്നുപറഞ്ഞാൽ 'എനിക്കതിനു കഴിവില്ല' എന്നാണർത്ഥം. 'അനശ്വരനായ ഉറൂബ്' നിവൃത്തിയെ നിവർത്തിയാക്കിയതുകണ്ട് വലിയ സാഹിത്യകാരന്മാർക്കും 'അക്ഷരമുറച്ചിട്ടില്ലേ' എന്നു ഞാൻ സംശയിച്ചുപോയി. ചങ്ങമ്പുഴ എനിക്കയച്ച ഒരു കത്തിലെ ഒരു വാക്യം എന്റെ ഓർമ്മയിലെത്തി: "ആ വിഷയത്തെ സമഗ്രമായും ലളിതമായും വിവരിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥം കേരളീയർക്ക് ഒരനുഗ്രഹമായിരിക്കുമെന്നു ദൃഢമായി വിശ്വസിക്കുന്ന ഒരുവനാണു ഞാൻ". അനുഗ്രഹം എന്നെഴുതുന്നതിനു പകരം കവി അനുഗ്രഹം എന്നെഴുതിയിരിക്കുന്നു. അദ്ദേഹത്തിന്റെ കത്തിന്റെ തുടക്കം ഇങ്ങനെ: "ഞാൻ ഒരാഴ്ചയായി തീരെ കിടപ്പിലാണ്. അതിനാൽ നീണ്ട ഒരു കത്തെഴുതുവാൻ തല്ലാലം എനിക്കു നിവൃത്തിയില്ല". തൽകാലം എന്ന ചില്ലോടുകൂടി കകാരത്തിന് ഇരട്ടിപ്പില്ലാതെ എഴുതുകയാണ വേണ്ടതു്. ചങ്ങമ്പുഴ അതു തല്ലാലം എന്നെഴുതി. അതു ക്ഷമിക്കാം. കാരണം 'നിവൃത്തിയില്ല' എന്നു ശരിയായി അദ്ദേഹം എഴുതിയല്ലോ. ഇടപ്പള്ളി രാഘവൻപിള്ളയ്ക്കും അക്ഷരമുറച്ചിരുന്നില്ല. "ഇതെല്ലാം വാസ്ഥവമാണോ?" എന്നാണ് അദ്ദേഹം ചങ്ങമ്പുഴയോടു ചോദിച്ചതു്. ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ (മംഗളോദയം പ്രസാധനം) വാസ്തവമെന്നു പറഞ്ഞാൽ എന്തു ശക്തിയിരിക്കുന്നു? അതുകൊണ്ട് ഒന്നുറപ്പിച്ചു 'വാസ്ഥവ'മാക്കി ഇടപ്പള്ളി രാഘവൻപിള്ള. "പുഴുങ്ങിയ കല്പയും പഴുത്ത മാൻപഴവും" എന്നു പണ്ടാരോ ശുദ്ധിയോടെ പറഞ്ഞല്ലോ. ആ വിശുദ്ധി കവിയും അംഗീകരിച്ചു.

സർഗ്ഗശക്തിയുള്ള വലിയ സാഹിത്യകാരന്മാരുടെ നിസ്സാരങ്ങളായ തെറ്റുകളെ ഇങ്ങനെ പെരുപ്പിച്ചു കാണിക്കുന്നതു് അവരെ ആക്ഷേപിക്കാൻ മാത്രമല്ലേ എന്ന ചോദ്യത്തിനു സാംഗത്യമുണ്ട്. സാംഗത്യമുണ്ടെങ്കിലും ആ തെറ്റുകൾ അവർ വരുത്താതിരുന്നെങ്കിൽ



അരവിന്ദഘോഷ്

എന്ന എന്റെ ആഗ്രഹത്തിനും സാംഗത്യമില്ലാതില്ല. വാക്കുകൾക്ക് ആധ്യാത്മികശക്തിയുണ്ട് എന്നാണ് ഭാരതീയന്റെ സങ്കല്പം. വാക്കുകൾ തെറ്റുകൂടാതെ എഴുതുമ്പോൾ, തെറ്റുകൂടാതെ പറയുമ്പോൾ, അസുരന്മാരും ദേവന്മാരും അവയുടെ സ്വാധീനശക്തിക്കു വിധേയരായിപ്പോകുന്നു. ഇതുകണ്ടറിഞ്ഞ കവിയാണ് അരവിന്ദഘോഷ്. ഉചിതമായ വാക്ക് ഉചിതമായരീതിയിൽ പ്രയോഗിക്കുമ്പോൾ എന്തുണ്ടാകുന്നു? അരവിന്ദഘോഷ് പറയുന്നതു കേട്ടാലും:

> Thought, vision, feeling, sense, the body's self
> Are seized unalterably and he endures.
> An Ecstasy and an immortal change
> He feels a Wideness and becomes a Power
> All knowledge rushes on him like a sea.
> Transmuted by the white spiritual ray
> He walks in naked heavens of joy and calm,
> Sees the God-face and hears transcendent speech"
> "Savitri"—P. 426

ആഹ്ലാദത്തിന്റെയും ശാന്തിയുടെയും സ്വർഗ്ഗത്തു നടക്കാൻ സഹായിക്കുന്ന വാക്ക് തെറ്റായി എഴുതിക്കൂടാ; തെറ്റായി ഉച്ചരിച്ചുകൂടാ.

പൈങ്കിളിയല്ല, എങ്കിലും

വാക്കുകൾക്ക് ആധ്യാത്മിക ശക്തിയുണ്ട് എന്നാണ് ഭാരതീയന്റെ സങ്കല്പം. വാക്കുകൾ തെറ്റുകൂടാതെ എഴുതുമ്പോൾ, തെറ്റുകൂടാതെ പറയുമ്പോൾ അസുരന്മാരും ദേവന്മാരും അവയുടെ സ്വാധീന ശക്തിക്ക് വിധേയരായിപ്പോകുന്നു. ഇതു കണ്ടറിഞ്ഞ കവിയാണ് അരവിന്ദഘോഷ്.

കാണുമ്പോളൊന്നു പുഞ്ചിരിതൂകിയിട്ട് വീർപ്പിച്ചമുഖവുമായി പിരിഞ്ഞുപോകുന്ന ആളുകളുണ്ട്. വിധി അവളെ നോക്കി ഒന്നു മന്ദഹാസം പൊഴിച്ചു. പാരുഷ്യത്തോടെ, യാത്രപറയാതെ പോകുകയും ചെയ്തു. ഇനിയും മന്ദഹാസം ലഭിക്കുമെന്ന പ്രതീക്ഷയോടുകൂടി അവൾ കഴിഞ്ഞുകൂടുന്നു. ഒന്നും വ്യക്തമായില്ല അല്ലേ? സ്പഷ്ടമായിത്തന്നെ പറയാം. വനിതാ മാസികയിൽ ശാരദാ ബാലചന്ദ്രൻ എഴുതിയ "കായ്ക്കാത്ത മരം" എന്ന ചെറുകഥ വായിക്കുക. അനപത്യതയുടെ പാടുവീണ കിടക്കയിൽ കിടക്കുന്ന അവളെ കാണാൻ അനുജത്തി മീന വന്നു. മീനവിനു രണ്ടു കുട്ടികളുണ്ട്. "നീ പ്രസവം നിറുത്തിയോ മീനു?" എന്നു ചേച്ചിയുടെ ചോദ്യം. "ഇല്ല ചേച്ചി ഓപ്പറേഷൻ ഒന്നും ചെയ്തിട്ടില്ല. രണ്ടു കുട്ടികൾ മതി എന്നു വച്ചിരിക്കുകയാണ്..." എന്ന് അനുജത്തിയുടെ മറുപടി. അവളും ഭർത്താവും 'ആബ്സ്റ്റിനൻസ്' നടത്തിയിരുന്നു എന്നർത്ഥം. അല്ലെങ്കിൽ തിരുവനന്തപുരത്തെ പേരൂർക്കടയിലുള്ള ഒരു സ്ഥാപനത്തിന്റെ അനുഗ്രാഹകത അയാൾക്കു ലഭിച്ചിരുന്നുവെന്നും ആകാം. അനുജത്തിയുടെ മറുപടി കേട്ടു ചേച്ചി അഭ്യർത്ഥിച്ചു: "നീ എനിക്കുവേണ്ടി ഒരിക്കൽകൂടി പ്രസവിക്കു. എന്നിട്ടു ആ കുട്ടിയെ എനിക്കു വളർത്താൻ തരൂ". കാമം അക്ഷമയോടെ അടച്ച വാതിലിനു മുൻപിൽ നില്ക്കുകയായിരുന്നു. ചേച്ചിയുടെ വാക്കു കേട്ടയുടനെ ഭാര്യയും ഭർത്താവുംകൂടെ ഒരുമിച്ചു വാതിൽ തുറന്നുകൊടുത്തു. കാമം മുറിക്കുള്ളിൽ കടന്നു. സംയമം കാറ്റിൽ പറത്തി അവർ. അല്ലെങ്കിൽ പേരൂർക്കടയിലെ സ്ഥാപനം നിർമ്മിക്കുന്ന ഉപകരണത്തോട് "പോടാ പോ" എന്ന് മീനവും ഭർത്താവും പറഞ്ഞിരിക്കണം. മീന മൂന്നാമതു പ്രസവിച്ചു. കുഞ്ഞ് ചേച്ചിയുടെ മകനായി വളർന്നു. പക്ഷേ, ഒരു ദിവസം അവൻ മനസ്സിലാക്കി തന്റെ മാതാപിതാക്കന്മാർ അങ്ങകലെ താമസിക്കുന്നുവെന്ന്; തന്നെ വളർത്തുന്ന സ്ത്രീ തന്റെ അമ്മയല്ലെന്ന്. അവൻ അച്ഛനമ്മമാരുടെ വീട്ടിൽ പോയി; തിരിച്ചുവന്നില്ല. അതുവരെ കായ്ക്കാത്ത ഒരു മരം കായ്ച്ചതു നോക്കി ചേച്ചി പ്രതീക്ഷയോടെ നില്ക്കുമ്പോൾ കഥ അവസാനിക്കുന്നു.

ചിലർ നമ്മളെ സ്നേഹത്തോടെ അവരുടെ വീട്ടിലേക്കു ക്ഷണിക്കും. നമ്മൾ പോകില്ല. ആവർത്തിച്ചു ക്ഷണിക്കുമ്പോൾ പോകും. പോയാൽ ശല്യപ്പെടുത്താൻ വന്നിരിക്കുന്നു എന്ന മട്ടു കാണിക്കും. എനിക്കു കിട്ടുന്ന കത്തുകളിൽ ചിലതു പ്രശംസയിൽ തുടങ്ങും. അവസാനത്തോട് അടുക്കുമ്പോൾ ഇരമ്പുന്ന തെറി. അതുപോലെ വിനയം നടിച്ചു വീട്ടിൽ കയറിവരുന്നവരുണ്ട്. വന്നയുടനെ സാഹിത്യവാരഫലത്തെ അതർഹിക്കാത്തവിധത്തിൽ പുകഴ്ത്തും. എന്നിട്ടു ക്രമേണ വിമർശനത്തിലേക്കു നീങ്ങും. 'കലാകൗമുദി'യിൽ വരുന്ന കഥകളെക്കുറിച്ചു നല്ലതേ പറയൂ. അല്ലേ?" എന്നു പുഞ്ചിരിപൊഴിച്ചു ചോദിക്കും. "അല്ലല്ലോ; ഞാൻ നിശിതമായി വിമർശിക്കാറുണ്ടല്ലോ." എന്നു പറഞ്ഞാലും സമ്മതിക്കില്ല. വിമർശനം നിന്ദനം വരെ എത്തിച്ചിട്ട് വന്നയാൾ പോകും. ശാരദാ ബാലചന്ദ്രന്റെ കഥ 'വനിതാ' മാസികയുടെ സൗന്ദര്യത്തിലൂടെ നമ്മളെ ക്ഷണിക്കുന്നു. കഥ വായിച്ചുകഴിയുമ്പോൾ നീരസം, നിന്ദനം. ഇക്കഥ സാക്ഷാൽ പൈങ്കിളിയല്ല. എങ്കിലും പൈങ്കിളിയുടെ മറ്റൊരു രൂപമാണ്.

മരണം സമ്മതംചോദിക്കാതെ ഓടി വീട്ടിൽക്കയറിയാലും രക്ഷപ്പെടാം. ചില കഥകൾ ആക്രമിക്കാൻ വന്നാൽ ഓടിയാലും രക്ഷയില്ല.

അച്ഛനെന്ന ഹിറ്റ്ലർ

മകനെ അഞ്ചു വയസ്സുവരെ രാജകുമാരനെപ്പോലെയും പത്തു വയസ്സുവരെ അടിമയെപ്പോലെയും പതിനാറു വയസ്സുമുതൽ സുഹൃത്തിനെപ്പോലെയും അച്ഛൻ കരുതണമെന്നാണ് ഭാരതത്തിലെ അലിഖിതനിയമം. പക്ഷേ, ഇതൊരു കുടുംബത്തിലും കാണാറില്ല. മിക്ക കുടുംബങ്ങളിലും അച്ഛൻ ഡിക്റ്റേറ്ററാണ്. എന്റെ കുട്ടിക്കാലത്തു് ഞാനൊരു വീട്ടിൽ ബാഡ്മിന്റൻ കളിക്കാൻ പോകമായിരുന്നു. അങ്ങനെ കളിച്ചുകൊണ്ടിരിക്കുമ്പോൾ ആ വീട്ടിലെ പയ്യൻ റോഡിൽ നോക്കിക്കൊണ്ടിരിക്കും. ചിലപ്പോൾ അവൻ വിളിക്കും: "അച്ഛൻ വരുന്നു". അതു കേട്ടപാതി, കേൾക്കാത്തപാതി, ബാറ്റും ബാളും എറിഞ്ഞിട്ട് ഞങ്ങൾ ഓടിയൊളിക്കും. സർക്കാരിൽ ഹെഡ്ഡ്രാൻസ്ലേറ്ററായിരുന്ന ആ മനുഷ്യൻ ഗേറ്റ് കടക്കുന്നതിനുമുൻപ് നെറ്റ് അഴിച്ചുമാറ്റിയിരിക്കും. ഹിറ്റ്ലർ ആത്മഹത്യ ചെയ്തു. അച്ഛന്മാരായ ഹിറ്റ്ലറന്മാർ ഇപ്പോഴും മറിമിശയും സ്വസ്തികയും കാണിച്ചു പിള്ളേരെ പേടിപ്പിച്ചു ഭരിച്ചുകൊണ്ടിരിക്കുന്നു. ആൺപിള്ളേർക്കു ഒരു സിനിമ കാണണമെങ്കിൽ അമ്മയോടു പണം ചോദിക്കണം. മിക്കവാറും അച്ഛൻ കൊടുക്കില്ല. കൊടുക്കുന്നെങ്കിൽ അതു മക്കളോടുള്ള സ്നേഹംകൊണ്ടല്ല. തൽകാലം അവരൊന്നു ഒഴിഞ്ഞാൽ സന്ധ്യക്ക് ആറുമണിതൊട്ടു അവന്മാർ തിരിച്ചെത്തുന്ന പത്തുമണിവരെയുള്ള സമയത്തു ഭാര്യയുമായി സല്ലപിക്കാമല്ലോ എന്നു കരുതിയാണ്. കുറ്റം ചെയ്തിട്ടു പൊലീസ് ഇൻസ്പെക്റ്ററുടെ മുൻപിൽപെട്ടു പോകുമ്പോൾ ഉണ്ടാകുന്ന പേടിയേക്കാൾ വലിയ പേടിയാണ് കുറ്റംചെയ്യാതെ അച്ഛന്റെ മുൻപിൽ പെട്ടുപോകുന്ന മകനുണ്ടാകുന്നതു്. ഇതിന്റെ റിയാക്ഷനാണ് ഇന്നു കാണുന്നതു്. മകൻ അച്ഛനെ ധിക്കരിക്കുന്നു. അയാൾക്കു ഇഷ്ടമില്ലാത്തതെല്ലാം ചെയ്യുന്നു. പഠിക്കാതെ നടക്കുന്നു. കഞ്ചാവു വലിക്കുന്നു. കള്ളുകുടിച്ചുകൊണ്ടു വീട്ടിൽ വന്നു ബഹളം കൂട്ടുന്നു. ചിലപ്പോൾ 'കൈവയ്ക്കുകയും' ചെയ്യുന്നു. മകന്റെ അടികൊണ്ടു അച്ഛൻ കടലിൽച്ചാടി ചാകുന്നു (സങ്കല്പമല്ല, യാഥാർത്ഥ്യം). തകർന്നു ഈ പിതാപുത്രബന്ധത്തെ (പിതൃപുത്രബന്ധം എന്ന പ്രയോഗം തെറ്റ്) ഒരു ചെറുകഥയിലൂടെ എം. ജി. രാധാകൃഷ്ണൻ ചിത്രീകരിക്കുന്നു. (ചങ്ങല—ടയൽ വാരിക) മകൻ അച്ഛനെ ചങ്ങലകൊണ്ടു ബന്ധിക്കുന്നു. അച്ഛൻ മരിച്ചുകഴിഞ്ഞപ്പോൾ അവൻ ആ ചങ്ങല എടുത്തുകൊണ്ട് അമ്മയെ സമീപിക്കുന്നു. രാധാകൃഷ്ണന്റെ ധർമ്മരോഷം കലയുടെ ചട്ടക്കൂടിലൊതുങ്ങിയാണ് പ്രകടമാകുന്നതു്.

എന്റെ നാട്ടിൽ മുൻപ് ഇതൊന്നും ഉണ്ടായിരുന്നില്ല. അച്ഛൻ ഉറങ്ങുന്നതുവരെ മകനായ ഗാന്ധി അദ്ദേഹത്തിന്റെ കാലുതിരുമ്മിക്കൊടുക്കുമായിരുന്നു. "ഓരോ രാത്രിയും ഞാൻ അദ്ദേഹത്തിന്റെ കാലു തിരുമ്മിക്കൊടുക്കും. അച്ഛൻ പോകാൻ പറയുന്നതുവരെ, അല്ലെങ്കിൽ അദ്ദേഹം ഉറങ്ങുന്നതുവരെ ഞാനതു ചെയ്യും. ഈ സേവനമനുഷ്ഠിക്കാൻ എനിക്കിഷ്ടമായിരുന്നു" എന്നാണ് ഗാന്ധിജി ആത്മകഥയിൽ പറഞ്ഞിട്ടുള്ളതു്. അക്കാലത്തു് അദ്ദേഹം കൊച്ചുകുട്ടിയല്ല; വിവാഹിതനായിരുന്നു. ഗർഭിണിയായ ഭാര്യ അടുത്ത മുറിയിൽ കിടക്കുമ്പോഴാണ് ഗാന്ധി അച്ഛന്റെ കാലു തിരുമ്മുന്നതു്.

തത്ത്വചിന്ത ശരി; പ്രായോഗികതലത്തിലോ?

പ്രൊഫസർ ജി. ബാലകൃഷ്ണൻ നായരുമായി ഞാൻ കൊട്ടാരക്കരയ്ക്കു് അടുത്തുള്ള ഒരു സ്ഥലത്തു് മീറ്റിങ്ങിനു പോയി. ഉച്ചകഴിഞ്ഞ് രണ്ടരമണിയായി. ഊണുകഴിക്കാൻ മീറ്റിങ്ങിന്റെ സംഘാടകർ കൊണ്ടുകയറ്റിയതു് ഒരു വിവാഹത്തിന്റെ സദ്യ നടക്കുന്ന പന്തലിലാണ്. ഒരു പരിചയവുമില്ലാത്ത വീട്ടുകാർ. അവർ ക്ഷണിച്ചില്ല. അങ്ങനെയിരിക്കെ അവരുടെ ചോറുണ്ണുന്നതെങ്ങനെ? ഞാൻ ഇലയുടെ മുൻപിൽ വെറുതെയിരുന്നതേയുള്ളു. മീറ്റിങ് അഞ്ചു മണിക്കു തുടങ്ങിയപ്പോൾ ഞാൻ അവശനായിക്കഴിഞ്ഞിരുന്നു. "എന്താ വല്ലാതിരിക്കുന്നതു?" എന്നു ബാലകൃഷ്ണൻ നായരുടെ ചോദ്യം. "ഉണ്ണാൻ കഴിയാത്തതുകൊണ്ട്" എന്ന് എന്റെ ഉത്തരം. അദ്ദേഹമുടനെ വേദാന്ത ചിന്തയിലേക്കു കയറി. "ഉണ്ടാലെന്ത്? ഉണ്ടില്ലെങ്കിലെന്തു? 'മാത്രാസ്പർശസ്തു കൗന്തേയ ശീതോഷ്ണ സുഖദുഃഖദാഃ ആഗമാപായിനോ നിത്യാഃ താം സ്തിതിക്ഷസ്വ ഭാരത' (വസ്തുക്കളുമായുള്ള ഇന്ദ്രിയസ്പർശമാണ് ചൂട്, തണുപ്പ്, വേദന, ആഹ്ലാദം ഇവയുടെ അനുഭൂതി ഉളവാക്കുന്നതു്. അവ വരുന്നു, പോകുന്നു. അസ്ഥിരങ്ങളാണ് അവ. ക്ഷമയോടുകൂടി അവയെ സഹിക്കു)" എന്നായി ബാലകൃഷ്ണൻ നായർ. ഞാൻ ഉടനെ മറുപടി നല്കി: "സർ, തത്ത്വചിന്താപരമായി അതുശരി. പ്രായോഗികതലത്തിൽ അതു ശരിയല്ല. സാറിനു മാത്രമല്ല വലിയ യോഗികൾക്കും വിശക്കുമ്പോൾ ആഹാരം കഴിക്കണം. തത്ത്വചിന്തയുടെ തലത്തിലും പ്രായോഗികതലത്തിലും അതു ശരിയെന്നു് ബാലകൃഷ്ണൻ നായർ അറിയിച്ചു. എനിക്കു വിശ്വാസമായില്ല, ഇന്നും വിശ്വാസമില്ലാതാനും. എല്ലാം മിഥ്യ, എല്ലാം മായ എന്നുപറഞ്ഞ് മനുഷ്യനെ ജാഡ്യത്തിലേക്കു തള്ളിയിടാനേ ശങ്കരാചാര്യരുടെ മായാവാദം പ്രയോജനപ്പെട്ടിട്ടുള്ളു. ഇന്ത്യയിലെ ഏതു മിസ്റ്റിക്കും വസ്തുവിനെയും വസ്തുതയെയും അനധ്യാനം ചെയ്തു അവ മായയാണെന്നനുഗ്രഹിക്കുന്നു. അപ്പോൾ അയാൾക്കു നിർവൃതിയുണ്ടാകുന്നു. സത്യസാക്ഷാത്കാരത്താലുള്ള നിർവൃതി. എക്സിസ്റ്റെൻഷ്യലിസ്റ്റുകളുടെ രീതി ഇതിൽനിന്നു വിഭിന്നമാണ്.

സാർത്രിന്റെ 'ലേനോസേ' എന്ന നോവലിലെ പ്രധാന കഥാപാത്രം ഒരു വൃക്ഷത്തിന്റെ വേരു നോക്കി നോക്കി "ഭയജനകമായ ഹർഷോന്മാദ"ത്തിൽ വീഴുന്നു. വേരിന്റെ കറുത്തനിറം നിറമല്ല മുറിവാണ്, ദ്രാവകമാണ് എന്നൊ

റെൻഡ്ര

ക്കെ അയാൾക്കു തോന്നുന്നു. ഈ തോന്നലിൽനിന്ന് അയാൾ ജീവിതത്തിന്റെ അബ്സേഡിറ്റിയിലേക്കു ചെല്ലുന്നു. "ഭയജനകമായ ആ ഹർഷോന്മാദത്തി"ൽനിന്നും അബ്സേഡിറ്റിയുടെ ബോധത്തിൽ നിന്നും രക്ഷനേടാൻ ഒറ്റ മാർഗ്ഗമേയുള്ളു. അതാണ് കല. ഇതാണ് സാർത്രിന്റെ കഥാപാത്രത്തിനുള്ള വിചാരം. സത്യത്തെ മിഥ്യയാക്കുന്ന ഭാരതീയന്റെ നേർക്കുള്ള മുദ്ഗലമായ ഉപാലംഭമാണു രവിശങ്കറിന്റെ ഹാസ്യചിത്രം.—കലാകൗമുദി ലക്കം 578. ചെന്നായ് മിഥ്യ, ആട്ടകളും മിഥ്യ. പക്ഷേ, ചെന്നായ് ആട്ടകളെ ഭക്ഷിച്ചിട്ട് എല്ലിൻ കഷണങ്ങൾ മാത്രം ഇട്ടിട്ടു പോകുമ്പോഴാണ് മിഥ്യയുടെ സ്വഭാവം വ്യക്തമാകുന്നതു്. ചിന്താപ്രധാനമായ ഈ ഹാസ്യചിത്രം എനിക്കിഷ്ടപ്പെട്ടു.

റെൻഡ്ര

ഇൻഡൊനീഷയിലെ വലിയ കവിയാണ് റെൻഡ്ര. അദ്ദേഹത്തിന്റെ Swan Song എന്ന കാവ്യം പ്രസിദ്ധമാണ്. സംഗ്രഹിക്കൽ എന്ന കലാകൊലപാതകം നടത്തട്ടെ:

> വേശ്യാലയത്തിന്റെ ഉടമസ്ഥൻ അവളോടു പറഞ്ഞു:
> രണ്ടാഴ്ചയായി നിനക്കു സുഖമില്ല
> നീ ഒന്നിനൊന്നു രോഗിണിയായി മാറുന്നു.
> നീ പണം നേടുന്നില്ല.
> നീ എനിക്കു പണം തരാനുണ്ട്
> പണം നഷ്ടപ്പെടാൻ എനിക്കിഷ്ടമില്ല
> ഇനി നിന്നെ ഇവിടെ താമസിപ്പിക്കാൻ വയ്യ
> ഇന്നു നീ പോകണം.
> സ്വർഗ്ഗം സൂക്ഷിക്കുന്ന മാലാഖ
> ആ മാലാഖയുടെ മുഖം പ്രകാശപൂർ
> ണ്ണമാണ്; അത് പക കലർന്നതാണ്.
> മാലാഖയുടെ ജ്വലിക്കുന്ന വാൾ കുറ്റപ്പെടുത്തുന്ന രീതിയിൽ
> എന്റെ നേർക്കു ചൂണ്ടിയിരിക്കുന്നു.
>
> മേരിയ സെയിത്തുൻ എന്നാണ് എന്റെ പേര്.
> ഭാഗ്യംകെട്ട വേശ്യ
> വേണ്ടിടത്തോളം സൗന്ദര്യമില്ല, പ്രായവും ഏറെയായി.

ഉച്ചയ്ക്കു പന്ത്രണ്ടു മണി സമയത്തു് സൂര്യൻ ആകാശത്തു ഉയർന്നു നില്ക്കുമ്പോൾ, കാറ്റില്ലാത്തപ്പോൾ, മേഘക്കീറു പോലുമില്ലാത്തപ്പോൾ മേരിയ സെയിത്തുൻ വേശ്യാലയം വിട്ടിറങ്ങി. പെട്ടിയില്ല, സ്വന്തമായി ഒന്നുമില്ല. അവളുടെ കൂട്ടുകാരികൾ തലതിരിച്ചു കളഞ്ഞു. പനിയോടുകൂടി ആടിയാടി അവൾ നടന്നു. സിഫിലിസ് അവളെ പൊളിച്ചു. ജനനേന്ദ്രിയത്തിൽ, കഴുത്തിൽ, കക്ഷത്തിൽ, മുലകളിൽ വ്രണങ്ങൾ. ചുവന്ന കണ്ണ്, ഉണങ്ങിയ ചുണ്ട്. അവൾ ഡോക്ടറുടെ അടുത്തു പോയി. അയാൾ അവളെ പറഞ്ഞയച്ചു. പാതിരിയെ സമീപിച്ചു അവൾ. "നിനക്കു പാതിരിയല്ല വേണ്ടതു്. മനോരോഗ ചികിത്സകനെയാണ്", എന്ന് അയാൾ. അവൾ നടന്നു. ഭക്ഷണശാലയിലെ വീപ്പയിൽനിന്ന് എച്ചിലെടുത്തു വാഴയിലയിൽ പൊതിഞ്ഞ് നഗരത്തിനു പുറത്തേക്കു പോയി. സന്ധ്യയായി. പതുക്കെ അവൾ എച്ചിലു തിന്നു. വെള്ളം കുടിച്ചു നദിയിൽനിന്ന്. ഏഴുമണിയായി. നദി പാറക്കെട്ടുകളിൽ ചെന്നടിക്കുന്നു. നദിയുടെ രണ്ടു കരകളിലുമുള്ള മരങ്ങളും കുറ്റിക്കാട്ടുകളും പ്രശാന്തങ്ങൾ. അവ നിലാവിൽ പ്രകാശിക്കുന്നു.

> നദിക്ക് അക്കരെ ഒരാൾ.
> അദ്ദേഹം ചോദിച്ചു:
> 'മേരിയ സെയിത്തുൻ നീയാണോ?'
> മേരിയ അദ്ഭുതപ്പെട്ടു പറഞ്ഞു:
> "അതേ"
> അദ്ദേഹം നദി കടന്നുവന്നു.
> ദൃഢവും സുന്ദരവുമായ ശരീരം
> ' ഇതാ ഇവിടെ നമ്മൾ അന്യോന്യം കാണുന്നു'
> എന്ന് അദ്ദേഹം പറഞ്ഞു.
> അദ്ദേഹം കനിഞ്ഞ് അവളുടെ ചുണ്ടുകളിൽ ഉമ്മവച്ചു.
> കരിക്കിൻ വെള്ളത്തിന്റെ സ്വാദ്.
> അതുപോലൊരു ചുംബനം അവൾ അറിഞ്ഞിരുന്നില്ല.
> "അങ്ങ് ആര്" എന്നു മേരിയ ചോദിച്ചു.
> "മണവാളൻ" എന്ന് അദ്ദേഹത്തിന്റെ മറുപടി.
> ആ നായകന്റെ ശരീരത്തിൽ മുറിവ് ഉണങ്ങിയ പാടുകൾ.
> ഇടതുവശത്തും രണ്ടു കൈയിലും രണ്ടു കാലിലും പാടുകൾ.
> മേരിയ പതുക്കെപ്പറഞ്ഞു:
>
> "അങ്ങ് ആരാണെന്ന് എനിക്കറിയാം".
> അദ്ദേഹം തലകുലുക്കി പറഞ്ഞു.
> "സത്യം. അതേ".

സ്വർഗ്ഗത്തിലെ മാലാഖയ്ക്ക്, ജ്വലിക്കുന്ന വാള് എന്റെ നേർക്കു നീട്ടുന്ന മാലാഖയ്ക്ക്, ഒന്നും ചെയ്യാൻ വയ്യ. എനിക്കിനി പേടിയില്ല. ഏകാന്തതയും കഷ്ടപ്പാടും ഇനിയില്ല. ഞാൻ സ്വർഗ്ഗത്തിന്റെ വാതിൽ കടന്നുപോകുന്നു. മേരിയ സെയിത്തുൻ എന്നാണ് എന്റെ പേര്. ഞാൻ വേശ്യയാണ്, അതേസമയം മണവാട്ടിയും.

എന്തൊരുജ്ജ്വലമായ കാവ്യം. പള്ളിയെ നിരാകരിച്ചു യേശുദേവനെ അംഗീകരിക്കുന്ന റെൻഡ്ര ഇന്നു ക്രിസ്ത്യാനിയല്ല, മുസ്ലിമാണ്.

വൈക്കം ചന്ദ്രശേഖരൻ നായർ

മിത്തിന്റെ പാറ്റേൺ പരിപാലിച്ചുകൊണ്ടു കഥ പറഞ്ഞ് നൂതന ജീവിതത്തിലേക്ക് അന്തർദൃഷ്ടി വ്യാപരിപ്പിക്കുവാൻ വൈക്കം ചന്ദ്രശേഖരൻ നായർക്കു വൈദഗ്ദ്ധ്യമുണ്ട്. ആ പ്രാഗല്ഭ്യത്തിനു നിദർശകമാണ് അദ്ദേഹം "മനോരാജ്യ"ത്തിലെഴുതിയ "യരുശലേമിലേക്കു

വൈക്കം ചന്ദ്രശേഖരൻ നായർ

പോയ നാലാമത്തെ ജ്ഞാനി" എന്ന ചെറുകഥ. യേശു ജനിച്ചെന്ന് അറിഞ്ഞപ്പോൾ മൂന്നു ജ്ഞാനികൾ ആ ശിശുവിനെ കാണാൻ പോയി. കണ്ടുവന്ദിച്ചു. നാലാമത്തെജ്ഞാനി അർട്ടബനായിരുന്നു. അയാൾ കാഴ്ചവയ്ക്കാൻ മൂന്നു വിശിഷ്ടരത്നങ്ങൾ കൈയിലെടുത്തു. പക്ഷേ, അയാൾ ഒരിക്കലും യേശുവിനെ കണ്ടില്ല. മൂന്നു രത്നങ്ങളും ഓരോ സന്ദർഭത്തിൽ വിറ്റു. ആ സന്ദർഭങ്ങൾ ഈശ്വരദർശനത്തെക്കാൾ വിലപ്പെട്ടതായിരുന്നു. മനുഷ്യത്വത്തോടുകൂടി ജീവിക്കുന്നതാണ് യഥാർത്ഥമായ ഈശ്വരസേവനം എന്നു കഥാകാരൻ അഭിവ്യഞ്ജിപ്പിക്കുന്നു. മിത്തിലില്ലാത്ത മാനങ്ങൾ നല്കിക്കൊണ്ട് രചിക്കപ്പെട്ട ഈ കഥ ആഖ്യാനത്തിലും അന്തരീക്ഷസൃഷ്ടിയിലും ഉത്കൃഷ്ടം തന്നെ.

വിക്രം സേത്ത്

വിക്രം സേത്ത്

വിക്രം സേത്തിന്റെ The Golden Gate എന്ന നോവൽ (പദ്യരൂപത്തിൽ രചിക്കപ്പെട്ടതു്) ഇന്ത്യയിലും പടിഞ്ഞാറൻ നാട്ടുകളിലും വലിയ 'സെൻസേഷൻ' ഉണ്ടാക്കിയിരിക്കുന്നു. Great Californian novel എന്നു് നോവലിസ്റ്റ് ഗോർ വിഡാൽ ഈ കൃതിയെ വാഴ്ത്തുകയുണ്ടായി. "അളന്നുമുറിച്ച" രീതിയിൽ അഭിപ്രായം പറയുന്ന നിരൂപകൻ D. J. Enright ഈ നോവലിനെക്കുറിച്ചു പറഞ്ഞതു് The Golden Gate is a technical triumph, unparalleled (I would hazard) in English എന്നാണ്.

നോവൽ ആരംഭിക്കുന്നു:

> To make a start more swift than weighty
> Hall Muse. Dear Reader, once upon A
> time, wica 1980
> There lived a man. His name was John

ഈ ജോൺ ഒറ്റയ്ക്കാണ്. അയാൾ വിചാരിക്കുകയാണ്: "If I died, who'd be sad? Who'd weep? Who'd gloat? Who would be glad? Would anybody? ജോൺ സുന്ദരനാണ്. പതുക്കെ സംസാരിക്കുന്നവൻ. കുഴപ്പമില്ലാത്ത മനസ്സുണ്ട്. വാടക കണിശമായി കൊടുക്കും. സിഗററ്റ് വലിക്കില്ല. പള്ളിയും അതിമദ്യപാനവും അയാൾ ഒഴിവാക്കിയിരിക്കുന്നു. ജോണിന്റെ പഴയ പ്രേമഭാജനം ജാനിറ്റ് അയാളറിയാതെ പത്രത്തിൽ പരസ്യം കൊടുത്തു് അയാൾക്കു പ്രണയിനിയെ നല്കാൻ ശ്രമിക്കുന്നു. അപേക്ഷിച്ചവർ ധാരാളം. പക്ഷേ, നാടകീയമായി രംഗപ്രവേശം നടത്തിയതു് ലിസ് (ഇലിസബത്തു്). കണ്ണുകളുടെ ഇന്ദ്രനീലദ്യുതിക്ക് ഊന്നൽ നല്കുന്ന കടുംനീലനിറമുള്ള വസ്ത്രങ്ങൾ ധരിച്ചാണ് അവൾ എത്തിയതു്. അവർ രണ്ടുപേരുമെങ്ങനെ?

> They kiss, They kiss, They are
> Caught in a panic of embracing
> They cannot hold each other tight
> Enough against the chill of night

ലിസിന്റെ പൂച്ചകൂടി എത്തിയിട്ടുണ്ട് അവിടെ. അതിന്റെ അപസ്വരങ്ങൾക്കിടയിലും അവരുടെ രതിലീലകൾ നടന്നു.

> As Liz and John move out of focus
> Into an amorous mist, let's shift
> Our lens, Dear Reader, to a locus
> An hour south along that rift
> That unnerves half of California

അങ്ങനെ കാചം പല സ്ഥലങ്ങളിലേക്കും തിരിച്ചു നോക്കുമ്പോൾ നമ്മൾ എന്തെല്ലാമാണു കാണുക. ഫിൽ എന്ന ജൂതൻ ലിസിന്റെ സഹോദരൻ എഡ്ഡുമായി (Ed) സ്വവർഗ്ഗാനുരാഗത്തിൽ മുഴുകുന്നു. നോവലിലെ പ്രധാന കഥാപാത്രമായ പൂച്ച അപസ്വരം കേൾപ്പിച്ചുകൊണ്ടു സഞ്ചരിക്കുന്നു. സ്വവർഗ്ഗാനുരാഗം പാപമാണെന്ന് എഡ്ഡിനു തോന്നുന്നു.

> The bible says, if a man lie
> With a man, he must surely die

എഡ്ഡെന്ന കാമുകൻ നഷ്ടപ്പെട്ട ഫിൽ ലിസ്സിനെ പ്രേമിച്ചു. ജാനിറ്റ് കാറപകടത്തിൽ മരിച്ചു. ലിസ്സിന് ഫില്ലിലുണ്ടായ കുട്ടിക്ക് ജോൺ എന്നു പേരിട്ടു.

ജാനിറ്റ് ശില്പങ്ങൾ നിർമ്മിക്കുന്നവളാണ്. അവളുടെ കലാസൃഷ്ടികളുടെ പ്രദർശനം നടത്താൻ തീരുമാനിച്ചു. പക്ഷേ, ജാനിറ്റിനുള്ള ആഹ്ലാദം Clarion മാസികയുടെ കലാനിരൂപകൻ വരുന്നതുവരെ മാത്രം.

> "...Jan's proud and glad
> Till the art critic of the Clarion
> Flaps to the scene in search of carrion
> And glares in vulturine disgust
> At her live works. (page 272)

വിക്രം സേത്തിനു നിരൂപകരെക്കുറിച്ചുള്ള മതം ഇതായതുകൊണ്ട് ഈ നോവൽ രസാത്മകമാണെങ്കിലും മഹനീയമല്ലെന്ന് പറയാൻ എനിക്കു പേടിയുണ്ട്. ഞാനും പൂതിമാംസം അന്വേഷിക്കുന്ന കഴുകനായി മാറുമല്ലോ.

വിക്രം സേത്ത് കവിയാണ്. അദ്ദേഹത്തിന്റെ ഗീതകങ്ങളിൽ പലതും മനോഹരങ്ങളായ കവിതകളാണ്.

> Like sea shells high on snowy ranges
> Forgotten thoughts return tonight
>
> എന്നും
>
> "...The moon is rising
> A balmy night in late July
> Rests on the city..."

എന്നും അദ്ദേഹമെഴുതുമ്പോൾ ഇതിവൃത്തത്തിന്റെ തമ്പാക്കിൽ രത്നങ്ങൾ വച്ച പ്രതീതി. സ്വഭാവചിത്രീകരണത്തിന്റെ 'സമ്പന്നത'യില്ലെങ്കിലും കാവ്യാത്മകത്വമുള്ള രചന



മതി. അത് മഹനീയമല്ലെന്നു പറഞ്ഞാൽ മൂക്കുന്നിമല ഹിമാലയ പർവ്വതംപോലെയല്ലെന്നു പറയുന്നതിനു തുല്യമാവും. (The Golden Gate—Vikram Seth (b. 1952)—Faber and Faber—Rs. 140—Modern Books, Trivandrum)

ഗോയ്ഥേയുടെ 'ഫൗസ്റ്റി'ൽ കാമുകി കാമുകനു സ്നേഹമുണ്ടോ എന്നു പരിശോധിക്കുന്ന ഒരു രംഗമുണ്ട്. അവൾ ഒരു ഡെയ്സി പുഷ്പമെടുത്തു് ഓരോ ദലമിളക്കി 'അദ്ദേഹം എന്നെ സ്നേഹിക്കുന്നു. എന്നെ സ്നേഹിക്കുന്നില്ല' എന്നു പറയുന്നു. അവസാനത്തെ ഇതൾ അടർത്തിയെടുത്തു് 'അദ്ദേഹം എന്നെ സ്നേഹിക്കുന്നു' എന്നു പറഞ്ഞ് ഹർഷോന്മാദത്തിൽ വീഴുന്നു. ഒരു ഗണിതശാസ്ത്രജ്ഞനും കാമുകിയും പൂന്തോട്ടത്തിലൂടെ നടക്കുകയായിരുന്നു. അവൾ ഡെയ്സി പുഷ്പമെടുത്തു് ഓരോ ദലമിളക്കി "അദ്ദേഹം എന്നെ സ്നേഹിക്കുന്നു" എന്നു പറയാൻ തുടങ്ങി. അതുകണ്ടു ഗണിതശാസ്ത്രജ്ഞൻ അറിയിച്ചു: "നീ ഇത്ര പ്രയാസപ്പെടേണ്ട. ദലങ്ങൾ ആകെ എണ്ണിനോക്കിയാൽ മതി ഇരട്ട അക്കമാണു വരുന്നതെങ്കിൽ ഞാൻ നിന്നെ സ്നേഹിക്കുന്നില്ല; ഒറ്റയക്കമാണെങ്കിൽ സ്നേഹിക്കുന്നു. കണക്കു പഠിച്ചതിന്റെ കാർക്കശ്യമാണിതു്. ഞാനൊരു സംസ്കൃത പണ്ഡിതനോടു ചോദിച്ചു: "സാർ, എൻ. ഗോപാലപിള്ള മഹാപണ്ഡിതനാണോ?" മറുപടി: "അതേ, ശോധിതശേമുഷികനായ പ്രകൃഷ്ടപണ്ഡിതൻ". സംസ്കൃതം പഠിച്ചതിന്റെ തകരാറ് ആ സംസ്കൃതക്കാരൻ കാണിച്ചു. സാർത്രിന്റെ ഏതെങ്കിലും പുസ്തകത്തിന്റെ ഒരു മൂല നോക്കിക്കൊണ്ട് അസ്തിത്വ ദുഃഖമാണ് പുനംനമ്പൂതിരിക്ക് എന്നു പറയുന്ന നവീന നിരൂപകൻ.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യൂമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റിഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റിഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.